കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 നവംബർ 15,വ്യാഴം

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## കാസർകോട് റെയിൽവേ സ്റ്റേഷനിൽ എസ്കലേറ്റർ;

## മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു

ആയിരക്കണക്കിന് യാത്രക്കാർ ദിനവും ആശ്രയിക്കുന്ന കാസർകോട് റെയിൽ വേ സ്റ്റേഷനിലെ മേൽപ്പാലത്തിലേക്ക് കടക്കുന്നതിനായി ഭിന്നശേഷിക്കാരും പ്രായ മായവരും പ്രയാസപ്പെടുന്ന സാഹചര്യത്തിൽ ഇവിടെ എസ്കലേറ്ററോ ലിഫ്റ്റോ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടു

ത്തു. കാസർകോട് ഗവ. ഗസ്റ്റ് ഹൗസിൽ സിറ്റിംഗിനെത്തിയ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ. മോഹൻകുമാറാണ് സ്വമേധയാ കേസെടുത്ത് ചെന്നൈ സതേൺ റെയിൽവേ ജനറൽ മാനേജരോടും പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജരോടും(ഡിആർഎം) റിപ്പോർട്ട് തേടിയത്.

കഴിഞ്ഞ ദിവസം കാസർകോട് ജില്ലയിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ റെയിൽവേമേൽപ്പാലം കടക്കുന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെയും ഭിന്നശേഷിക്കാരായ രണ്ടുപേർ മേൽപ്പാലം കടക്കുവാൻ ബുദ്ധിമുട്ടുന്നതു നേരിട്ടുകണ്ടതിന്റെയും അടിസ്ഥാനത്തിലാണ് കമ്മീഷൻ സ്വമേധയാ കേസ് എടുത്തിരിക്കുന്നത്. മാത്രമല്ല റെയിൽവേ സ്റ്റേഷനിലെ മേൽപ്പാലത്തിന്റെ വീതിയും കുറവാണെന്നും കമ്മീഷൻ അഭിപ്രായപ്പെട്ടു. രണ്ടു കാലുകൾക്കും സ്വാധീനമില്ലാത്തവർ വളരെ പ്രയാസപ്പെട്ട് മേൽപ്പാലത്തിലൂടെ കടന്നുപോകുന്നതാണ് കാണാൻ കഴിഞ്ഞതെന്നും മറ്റ് പ്രധാന സ്റ്റേഷനുകളിലെപോലെ ഇവിടെയും എസ്കലേറ്ററോ ലിഫ്റ്റോ സ്ഥാപിക്കേണ്ടത് ആവശ്യമാണെന്നും കമ്മീഷൻ വിലയിരുത്തി. മലബാർ എക്സ്പ്രസ് സമയംപാലിക്കുന്നില്ലെന്ന പരാതിയിൽ റെയിൽവേ വിശദീകരണം നൽകി. ക്രമീകരണത്തിന്റെ ഭാഗമായാണു വൈകിയോടിരുന്നതെന്നു വിശദീകരണത്തിൽ പറയുന്നു.

ചെമ്മനാട് ഒരു സ്കൂളിലെ വിദ്യാർഥികളെ പോലീസ് മർദ്ദിച്ചുവെന്നും ഓഡിറ്റോറിയം നശിപ്പിച്ചുവെന്നുമുള്ള രണ്ടു പരാതികളിൽ ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് തേടി. ഇക്കാര്യത്തിൽ കാസർകോട് സർക്കിൾ ഇൻസ്പെക്ടറിന്റെ സ്റ്റേറ്റ്മെന്റും ആവശ്യപ്പെട്ടു. വികലാംഗ പെൻഷൻ തടഞ്ഞുവച്ചിരിക്കുന്നുവെന്ന ദമ്പതികളുടെ പരാതിയിൽ നീലേശ്വരത്തെ സർവീസ് സഹകരണ ബാങ്കിനോട് വിശദീകരണവും കമ്മീഷൻ തേടിയിട്ടുണ്ട്. എൻഡോസൾഫാനുമായി ബന്ധപ്പെട്ടും നിരവധി പരാതികൾ ലഭിച്ചിരുന്നു.

ഗവ. ഗസ്റ്റ് ഹൗസിൽ കമ്മീഷൻ നടത്തിയ സിറ്റിംഗിൽ പുതിയതായി ലഭിച്ചത് ഉൾപ്പെടെ 64 പരാതികൾ പരിഗണിച്ചു.18 കേസുകൾ തീർപ്പാക്കി.

## മധുരം പ്രഭാതം പദ്ധതി ഡിസംബറിൽ ആരംഭിക്കും

ദരിദ്രകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പോഷകസമൃദ്ധമായ ആഹാരം എത്തിച്ചുനൽകുക എന്ന ലക്ഷ്യത്തോടെ ജില്ലാ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മധുരം പ്രഭാതം പദ്ധതി ഡിസംബർ ആദ്യവാരത്തോടെ ആരംഭിക്കും.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ,ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹക

രിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡിസംബർ ആദ്യവാരത്തോടെ ആരംഭിക്കുന്ന പദ്ധതി ആദ്യഘട്ടത്തിൽ അഞ്ചു പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്. അഞ്ചു പഞ്ചായത്തുകളിൽ നിന്നും രണ്ടുവീതം സ്കൂളുകളെയാണ് തെരഞ്ഞടുക്കുന്നത്.

വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ, തെരഞ്ഞെടുത്ത സ്കൂളുകളിലെ പാവപ്പെട്ട വിദ്യാർഥികളെ കണ്ടെത്തി അവർക്ക് പ്രഭാതഭക്ഷണം എത്തിച്ചു നൽകും. മലയോരം,തീരദേശം എന്നിവടങ്ങളിലെ സ്കൂളുകൾക്കാണ് ആദ്യഘട്ടത്തിൽ മുൻഗണന നൽകുന്നത്. തുടക്കത്തിൽ അഞ്ചു പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നതെങ്കിലും തുടർന്ന് ഗ്രാമ പഞ്ചായത്തകളുമായും,കുടുംബശ്രീ ജില്ലാമിഷനുമായി സഹകരിച്ച് കൂടുതൽ വിദ്യാലയങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കും.

## മരഉരുപ്പിടികൾ ലേലം ചെയ്യും

കാസറകോട് കളക്ടറേറ്റിൽ ഡി.സി. സ്യൂട്ട് തുടങ്ങുന്നതിന്റെ ഭാഗമായി നീക്കം ചെയ്ത മരഉരുപ്പടികളും ഇരുമ്പ് ഉരുപ്പടികളും ഈ മാസം 27 ന് വൈകുന്നേരം 3 ന് ലേലം ചെയ്യും. താല്പര്യമുള്ളവർക്ക് ്കാസർകോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന മരഉരുപ്പടികൾ ഓഫീസ് സമയത്ത് ഓഫീസറുടെ അനുവാദത്തോടെ പരിശോധിക്കാം. ഫോൺ-04994 225010, 256211.

## തെയ്യം ഡയറക്ടറി പ്രസിദ്ധീകരിക്കും

സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ വടക്കേ മലബാറിലെ തെയ്യം കെട്ടുകളുടെയും കളിയാട്ടങ്ങളുടെയും ഡയറക്ടറി തയ്യാറാക്കുന്നു. ഇതിന്റെ ഭാഗമായി കാസർകോട് ജില്ലയിൽ എല്ലാ വർഷവും തെയ്യം കെട്ട് നടക്കുന്ന കഴകം, കാവ്, ക്ഷേത്രം, ദേവസ്ഥാനം, മുണ്ട്യ, തറവാട്, മടപ്പുര തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും തെയ്യം കലാകാരന്മാർ, ഉത്സവ കമ്മിറ്റികൾ, ക്ഷേത്ര കാര്യ സമിതികൾ എന്നിവിടങ്ങളിൽ നിന്നും തെയ്യം കെട്ടിന്റെ തീയതി, സ്ഥലം, സമയം, തെയ്യങ്ങളുടെ പേര്, തുടങ്ങിയ വിവരങ്ങൾ ജില്ലാ ടൂറിസം ഓഫീസിൽ ഈ മാസം 30 ന് അകം അറിയിക്കണം. ഫോൺ. 9847398283.

## ആസൂത്രണ സമിതി യോഗം നാളെ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെട്ട ഭേദഗതി പദ്ധതികളുടെ അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിയുടെ യോഗം നാളെ (17) ഉച്ചയ്ക്ക് 2 ന് ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേരും.

## അധ്യാപക ഒഴിവ്

ഉപ്പള ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഇംഗ്ലീഷ് (സീനിയർ), കോമേഴ്സ്(ജൂനിയർ) എന്നീ വിഭാഗത്തിൽ അധ്യാപക ഒഴിവുണ്ട്. കൂടിക്കാഴ്ചയ്ക്ക് ഇന്ന് (16) രാവിലെ 11 ന് സ്കൂൾ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ. 04998 244032, 9961119459.

## വെയിറ്റർ നിയമനം

ദുബായിലെ പ്രമുഖ റസ്റ്റോറന്റിലേക്ക് സ്ത്രീ, പുരുഷ വെയിറ്റർ നിയമനത്തിന് ഒ.ഡി.ഇ.പി.സി. അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റ്, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ സഹിതം www.odepc.kerala.gov.in എന്ന വെബ് സൈറ്റിൽ കൊടുത്തിരിക്കുന്ന നോട്ടിഫിക്കേഷൻ പ്രകാരം ഈ മാസം 19 ന് അകം അപേക്ഷിക്കണം.കൂടുതൽ വിവരങ്ങൾക്ക് 0471 2329440/41/42/43/45

## ഓൺലൈൻ സെമിനാർ നാളെ

സാമൂഹ്യ നീതി ഡയറക്ട്രേറ്റ് നിഷ് ന്റെ സഹരണത്തോടെ സംസ്ഥാന തലത്തിൽ രക്ഷിതാക്കൾക്കായി സംഘടിപ്പിക്കുന്ന ഓൺലൈൻ സെമിനാർ നാളെ(17) രാവിലെ 10.30 മുതൽ ഒരു മണിവരെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നടത്തും. കുട്ടികളിലെ വൈകിയുള്ള ബൗദ്ധിക ശാരീരിക വളർച്ച (ഗോബൽ ഡെവലപ്മെന്റൽ ഡീലെ) എന്ത് ചെയ്യണം ? എന്ന വിഷയത്തിൽലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. രക്ഷിതാക്കൾക്ക് ഓൺലൈൻ സെമിനാറിൽ പങ്കെടുക്കുന്നതിനായി കാസർകോട് കളക്ട്രേറ്റിലെ ഡി ബ്ലോക്ക് രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് (ഡി.സി.പി.യു) ഓഫീസിൽ സൗകര്യ ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് -ഫോൺ-04994 256990.

## ഓവർസിയർ നിയമനം

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് സെക്ഷനിൽ കരാറടിസ്ഥാനത്തിൽ ഓവർസിയറെ നിയമിക്കും. സിവിൽ എൻജിനിയറിംഗ് ഡിപ്ലോമ,ബിടെക്ക് (സിവിൽ) യോഗ്യതയുള്ള ഉദ്യോഗർത്ഥികൾ ഈ മാസം 23 ന് രാവിലെ 11 ന് നടക്കുന്ന കൂടിക്കാഴ്ചക്ക് ഹാജരാകണം.

## ക്വട്ടേഷൻ ക്ഷണിച്ചു

കാസർകോഡ് കുടുംബശ്രീ ജില്ലാമിഷനു കീഴിൽ പ്രവർത്തിക്കുന്ന ബി എൻ എസ് ഇ പി (ബ്ലോക്ക് നോഡൽ സൊസൈറ്റി ഫോർ എന്റർപ്രൈസ് പ്രൊമോഷൻ) യിലേക്ക് ലാപ് ടോപ്പ്, ഡെസ്ക്ടോപ്പ് എന്നിവ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. താൽപര്യമുള്ളവർ സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഈ മാസം 22 ന് വൈകുന്നേരം 5 ന് അകം ക്വട്ടേഷൻ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 04994 256111, 8547224811

## അപേക്ഷ ക്ഷണിച്ചു

കോട്ടയം ജില്ലാ ഉപഭോകതൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവുവരുന്ന മുഴുവൻ സമയ അംഗത്തിന്റെ തസ്തികയിലേയ്ക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദമുള്ളവരും, 35 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും, ധനതത്വം. നിയമം, കോഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും, കഴിവും ആർജവവും ഉള്ളവരും ആയിരിക്കണം. നിയമന കാലാവധി 5 വർഷം വരെയോ, 65 വയസ് വരെയോ ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക ജില്ലാ കളക്ടറേറ്റിലും, ജില്ലാ സപ്ലൈ ഓഫീസിലും, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിലും www.consumeraffairs. kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകർ ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത അപേക്ഷ ഫോറത്തിൽ ഈ മാസം 24 ന് അകം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കണം.

## കേക്ക് നിർമ്മാണം- അപേക്ഷ ക്ഷണിച്ചു

വെള്ളിക്കോത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന സൗജന്യ കേക്ക് നിർമ്മാണ, പ്രോസസ്സിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.പരിശീലനം, ഭക്ഷണം എന്നിവ സൗജന്യമാണ്. 20 നും 45 നും ഇടയിൽ പ്രായമുള്ള , പത്താം തരം വരെ പഠിച്ച യുവതി യുവാക്കൾക്ക് അപേക്ഷിക്കാം.പേര്, മേൽവിലാസം, ജനനത്തിയതി, വിദ്യാ ഭ്യാസ യോഗ്യത, ഫോൺനമ്പർ എന്നിവ അടങ്ങിയ അപേക്ഷ ഈ മാസം 22 ന് അകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്- 0467 2268240

## അഭിമുഖം മാറ്റിവെച്ചു

കയ്യൂർ ഗവ.ഐ.ടി.ഐയിൽ ടെക്നീഷ്യൻ പവർഇലക്ട്രോണിക്സ് ട്രേഡിലേക്ക് ഇന്ന് (16.11.2018) നടത്താനിരുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം മാറ്റിവെച്ചു. ഇലക്ട്രീഷ്യൻ ട്രേഡിലേക്കുള്ള അഭിമുഖം ഇന്നു തന്നെ നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04672230980

## ഫിസിയോ തെറാപ്പിസ്റ്റ് നിയമനം

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് കേന്ദ്രം, സാന്ത്വനം പരിചരണം പദ്ധ തിയുടെ ഭാഗമായി ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കുന്നു. ഫിസിയോ തെറാപ്പി യിൽ അംഗീകൃത ബിരുദം, ഡിപ്ലോമയാണ് യോഗ്യത. പഞ്ചായത്തിൽ സ്ഥിര താമസ ക്കാരായവർക്കു മുൻഗണന ഉണ്ടായിരിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ നാളെ(17) രാവിലെ 11 ന് ചിറ്റാരിക്കാൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നടക്കുന്ന അഭിമുഖത്തിൽ അസൽ സർട്ടിഫിക്കറ്റുകളും അപേക്ഷയും ബയോ ഡാറ്റായും സഹിതം പങ്കെടുക്കണം.

## പരിശീലനം സമാപിച്ചു

ജില്ലയിലെ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിലെ നിർവഹണ ഉദ്യോഗസ്ഥർക്കായി 'കില'യുടെ അഭിമുഖ്യത്തിൽ ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടത്തിയ പരിശീലനം സമാപിച്ചു. മാർഗരേഖയിൽ വന്ന മാറ്റങ്ങൾ, പ്രോജക്റ്റ് ഫോറങ്ങൾ പൂരിപ്പിക്കൽ, അംഗീകാരനടപടിക്രമങ്ങൾ എന്നീ വിഷയങ്ങളിൽ നടന്ന പരിശീലനത്തിന് ജില്ലാ പ്ലാനിംഗ് ഓഫീസർ സത്യപ്രകാശ്, എ, ഡി.സി ബെവിൻ ജോൺ, കില ഫാക്കൽറ്റി അംഗം പപ്പൻ കുട്ടമത്തി എന്നിവർ നേതൃത്വം നൽകി. അസി. ജില്ലാ പ്ലാനിംഗ് ഓഫീസർ നിനോജ്, ഡോ.പ്രതീപ്കുമാർ, കില ഫാക്കൽറ്റി അംഗങ്ങളായ എം. കണ്ണൻ നായർ, ബി.എൻ.സുരേഷ്, എച്ച്. കൃഷ്ണ, കാറടുക്ക ബി.സി.ഒ.ബി. ബാലകൃഷ്ണൻ എന്നിവർ ക്ലാസെടുത്തു.

## അധ്യാപക ഒഴിവ്

സാക്ഷരതാമിഷൻ നടത്തുന്ന പത്താംതരം ഹയർ തുല്യതാ കോഴ്സുകളിലേക് ക്ലാസ് എടുക്കുന്നതിന് യോഗ്യരായ അധ്യാപകരിൽനിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുകയും അധ്യാപക അവശ്യമുള്ള ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യും.

## മലയാള മാധ്യമത്തിലും കന്നഡ മാധമത്തിലും

## ഹയർസെക്കൻഡറി തുല്യതാ പരീക്ഷ

ജില്ലാ സാക്ഷരതാമിഷൻ കാസറഗോഡ്-സംസ്ഥാന സാക്ഷരതാമിഷൻ പൊതുവിദ്യാഭ്യാസ വകുപ്പുമായിചേർന്ന് നടത്തുന്ന ഹയർസെക്കൻഡറി തുല്യതാ പരീക്ഷ ഈ മാസം 17(നാളെ) മുതൽ ആരംഭിക്കും. ജില്ലയിൽ നാല് പരീക്ഷാകേന്ദ്രങ്ങളിലായി 719 പഠിതാക്കളാണ് പരീക്ഷ എഴുതുന്നത്. 81 പഠിതാക്കൾ കോമെഴ്സ് വിഭാഗത്തിലും, 638 പേർ ഹ്യുമാനിറ്റീസ് വിഭാഗത്തിലുമാണ് പരീക്ഷ എഴുതുന്നത്. കുട്ടമത്ത് ഹയർസെക്കൻഡറി സ്കൂൾ, ഹോളിഫാമിലി രാജപുരം, ചെർക്കള ഹയർസെക്കൻഡറി സ്കൂൾ, ചായോത്ത് ഹയർ സെക്കൻഡറി സ്കൂൾ എന്നിവയാണ് പരീക്ഷാകേന്ദ്രങ്ങൾ. 483 പഠിതാക്കൾ ഒന്നാംവർഷ പരീക്ഷയും, 236

പേര് രണ്ടാംവര്ഷ പരീക്ഷയുമാണ് എഴുതുന്നത്.ഇതില് 296 പുരുഷന്മാരും, 423 സ്ത്രീകളാണ്. ഹയര്സെക്കന്ഡറി തുല്യത പരീക്ഷ എഴുതിവിജയിച്ച പഠിതാക്കള്ക്ക് ഡിഗ്രികോഴ്സുകള്ക്കും അനുബന്ധകോഴ്സുകള്ക്കും ചേര്ന്ന് പഠിക്കുന്നതിന് സാധിക്കും. ഉച്ചയ്ക്ക് 1.30 മുതല് 4.15 വരെയാണ് പരീക്ഷാസമയം.

## കുടുംബശ്രീ നാട്ടുചന്തകള് ജനപ്രിയമാകുന്നു

കുടുംബശ്രീ കാസര്കോട് ജില്ലാമിഷന്റെ ആഭിമുഖ്യത്തില് 42 ഗ്രാമപഞ്ചായത്ത് സിഡിഎസുകളില് നാട്ടുചന്തകള് ആരംഭിച്ചു. ഡിസംബര് 31 വരെ എല്ലാ ആഴ്ചകളിലും മൂന്നു ദിവസം തുടര്ച്ചയായി ചന്തകള് നടത്തും. കുടുംബശ്രീ കര്ഷകര് ഉല്പാദിപ്പിക്കുന്ന ഭക്ഷ്യ ഉല്പന്നങ്ങള്, സഫലം കശുവണ്ടി, അരിശ്രീ, ജൈവ പച്ചക്കറികള് എന്നിവ നാട്ടു ചന്തയില് മിതമായ നിരക്കില് ലഭ്യമാക്കും. ജില്ലയിലെ 5340 ജെഎല് ജികള് നിന്നുളള വിവിധ ഉല്പന്നങ്ങള് ചന്തകളില് വിപണനത്തിനായി തയ്യാറാക്കി. ഹരിത ഗ്രാമം, ഹരിത ഭവനം, ഹരിത അയല്കൂട്ടം എന്നിവ ലക്ഷ്യമാക്കി ജില്ലയിലെ മുഴുവന് അയല്കൂട്ടങ്ങളും മാതൃക യൂണിറ്റുകളാക്കി മാറ്റുന്നതിനും, 'സ്വാശ്രയ ഗ്രാമം' എന്ന ലക്ഷ്യം കൈവരിക്കുക എന്നതിന്റെ ഭാഗമായാണ് നാട്ടുചന്തകള് സംഘടിപ്പിക്കുന്നത്. ജില്ലയില് ഏറ്റവും കൂടുതല് ചന്തകള് നടത്തി വിറ്റുവരവു നേടുന്ന സി ഡിഎസുകള്ക്ക് ജില്ലാതലത്തില് പുരസ്കാരം നല്കുന്നു. സിഡിഎസ് മാസ്റ്റര് കര്ഷകര്, ജീവ ടീം, സംരംഭക യൂണിറ്റുകള് ചന്തയുടെ പ്രവര്ത്തനത്തിന് നേതൃത്വം നല്കുന്നു.

ഫോട്ടോ അടിക്കുറിപ്പ്: കുടുംബശ്രീ നാട്ടുചന്ത:- കുടുംബശ്രീ നാട്ടുചന്തയില് നിന്ന്

## ബാലാവകാശ ദിനാചരണം

അന്താരാഷ്ട്ര ബാലാവകാശവാരാചരണത്തിന്റെ ഭാഗമായി വനിതാശിശുവികസന വകുപ്പ്, കേരളസംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷന്, ജില്ലാശിശു

സംരക്ഷണ യൂണിറ്റ്, ചൈൽഡ് ലൈൻ, ജില്ലാശിശുക്ഷേമ സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലയിലെ ഹൈസ്‌ക്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥി കൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ഹയർസെക്കന്ററി വിഭാഗം കുട്ടികൾക്കായി പ്രബന്ധരചനാ മത്സരവും ക്വിസ്മത്സരവും ഹൈസ്‌ക്കൂൾ വിഭാഗം കുട്ടികൾക്കായുള്ള പ്രസംഗമത്സരവുമാണ് സംഘടിപ്പിക്കുന്നത്. ക്വിസ്മത്സരത്തിൽ ഒരുവിദ്യാലയത്തിൽ നിന്നും രണ്ടുപേർ അട ങ്ങുന്ന ഒരു ടീമായിട്ടാണ് മത്സരിക്കേണ്ടത്. ക്വിസ് മത്സരത്തിനായി ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 ടീമുകൾക്കും പ്രസംഗമത്സരത്തിനായി ആദ്യംരജിസ്റ്റർ ചെയ്യുന്ന 20 കുട്ടികൾക്കും പ്രബന്ധ രചനാ മത്സരത്തിന് ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 കുട്ടിക ൾക്കും മാത്രമായിരിക്കും രജിസ്‌ട്രേഷൻ പരിമിതപ്പെടുത്തിയിട്ടുണ്ട്.വിജയികൾക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും സമ്മാനിക്കും.

ബാലാവകാശ വാരാചരണത്തിന്റെ സമാപന ദിവസമായ നവംബർ 21ന് രാ വിലെ 10 മുതൽ കാസർഗോഡ് നഗരസഭ കോൺഫറൻസ് ഹാളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ, സ്ഥാപന മേധാവികൾ വഴി dcpuksd@gmail.com എന്ന ഇ-മെയിൽവിലാസത്തിൽ 17ന് വൈകിട്ട് അഞ്ചിനകം പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 04994 256990.

## ഗ്രാമസഭ

പുത്തിഗെ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭകൾ ഈ മാസം 14 ന് തുടങ്ങി. ഗ്രാമസഭായോഗങ്ങൾ 17 ന് സമാപിക്കും. ഫോൺ: 04998 245043

## അധ്യാപക ഒഴിവ്

കിനാനൂർ, കരിന്തളം ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിൽ 2018-19 അധ്യായന വർഷം പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ ഗസ്റ്റ് അദ്ധ്യാപകനെ

നിയമിക്കുന്നു. കോഴിക്കോട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പ്രസിദ്ധികരിച്ചിട്ടുള്ള പാനലിൽ ഉൾപ്പെട്ടിട്ടുള്ളവർ ജനന തീയതി, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ തെളിയിക്കുന്ന എല്ലാവിധ അസൽ സർട്ടിഫിക്കറ്റുകളും പാനലിലെ രജിസ്ട്രേഷൻ നമ്പരും സഹിതം നവംബർ 27ന് രാവിലെ 11ന് പ്രിൻസിപ്പാൾ മുമ്പാകെ അഭിമുഖത്തിന് ഹാജരാകണം. യു.ജി.സി നെറ്റ് യോഗ്യതയുള്ളവർക്ക് പ്രതിദിനം 1,750 രൂപ പ്രതിഫലം ലഭിക്കും. യു.ജി.സി നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യത ഇല്ലാത്തവരെയും പരിഗണി ക്കും. ഫോൺ: 04672235955.

## മഹാത്മ ഗാന്ധിയുടെ ആശയങ്ങൾ രാജ്യത്തിന്റെ അടിത്തറ ഭദ്രമാക്കി: കെ.കുഞ്ഞിരാമൻ എംഎൽഎ

മഹാത്മാഗാന്ധി മുന്നോട്ട്വച്ച അടിസ്ഥാന തത്വങ്ങളാണ് രാജ്യത്തിന്റെ അടിത്തറ ഭദ്രമാക്കിയെതെന്ന് കെ.കുഞ്ഞിരാമൻ എം.എൽ.എ അഭിപ്രായപ്പെട്ടു. എല്ലാ മതങ്ങളിലെയും സത്ഗുണങ്ങളെ സാംശീകരിച്ചാണ് ഗാന്ധിജി തന്റെ ആശയ ഗതികൾ രൂപപ്പെടുത്തിയത്. തന്റെ രചനകളെല്ലാം തന്റെ മൃതശരീരത്തോടൊപ്പം കത്തിച്ചു കളയണമെന്നു താൻ പ്രവൃത്തിച്ചുകാണിച്ച പരിപാടികൾ മാത്രം നില നിൽക്കേണ്ടതെന്നുമാണ് ഗാന്ധിജി പറഞ്ഞത്. മഹാത്മഗാന്ധിജിയുടെ 150 ാം ജന്മ വാർഷികത്തോടനുബന്ധിച്ച് നെഹ്റുയുവ കേന്ദ്രയും കാസർകോട് ഗവ.കോളജ് നാഷണൽ സർവീസ് സ്കീം സംയുക്തമായി സംഘടിപ്പിച്ച യുവ സംവാദം ഉദ്ഘാ ടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് കോ ഓർഡിനേറ്റർ എം.അനിൽകുമാർ അധ്യക്ഷത വഹിച്ചു. കണ്ണൂർ സർവകലാശാല എൻ.എസ്.എസ്. വിഭാഗം പ്രോഗ്രാം കോ ഓർഡിനേറ്റർ പത്മനാഭൻ കാവമ്പായി മുഖ്യപ്രഭാഷണം നടത്തി. കാസർകോട് കേന്ദ്ര സർവകലാശാല ഇന്റർ നേഷണൽ റിലേഷൻസ് & പൊളിറ്റിക്സ് വിഭാഗത്തി ലെ പ്രൊഫ.എം.എസ് ജോൺ, പിലാത്തറ സെന്റ് ജോസഫ് കോളേജ് പ്രിൻസിപ്പാൾ ഡോ.ജിജോ.പി.യു, സുഹൈബ്, കെ.വി, സുജാത, എസ്.ഷാഫി സലിം, നവീൻ രാജ് ടി എന്നിവർ പ്രസംഗിച്ചു.

**അടിക്കുറിപ്പ് ഗാന്ധി സെലിബ്രേഷൻ:-**

മഹാത്മഗാന്ധിജിയുടെ 150 ാം ജന്മ വാർഷികത്തോടനുബന്ധിച്ച് നെഹ്റു യുവ കേന്ദ്രയും കാസർകോട് ഗവ.കോജേജ് നാഷണൽ സർവീസ് സ്കീം സംയുക്തമായി സംഘടിപ്പിച്ച യുവ സംവാദം ഉദ്ഘാടനം ചെയ്ത് കെ.കുഞ്ഞിരാമൻ എം. എൽ.എ സംസാരിക്കുന്നു.

## പ്രമേഹ ബോധവൽക്കരണ പദയാത്ര നടത്തി

കാസർകോട് നഗരസഭയും കേരള സാമൂഹ്യ സുരക്ഷാ മിഷനും കാസർകോട് വയോമിത്രവും ജനമൈത്രി പോലീസും സംയുക്തമായി പ്രമേഹ ബോധവൽക്കരണ പദയാത്ര നടത്തി. നഗരസഭ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം പ്രമേഹ ദിന പരിപാടികൾ ഉദ്ഘാടനം ചെയ്തു. വയോമിത്രം ഇൻസുലിൻ ഗുണഭോക്താക്കൾക്കുള്ള സൗജന്യ ഇൻസുലിൻ സിറിഞ്ചുകളുടെ വിതരണോദ്ഘാടനവും ചെയർപേഴ്സൺ നിർവഹിച്ചു. ക്ഷേമ കാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ കെ.എം.അബ്ദുൽ റഹിമാൻ അദ്ധ്യക്ഷനായിരുന്നു. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.രാജാറാം പ്രമേഹ ബോധവൽക്കരണ ക്ലാസ് നയിച്ചു.

നടക്കാം നല്ല ശീലങ്ങൾക്കായി' എന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് സംഘടിപ്പിച്ച സ്വീറ്റ് വാക്ക് എന്ന പ്രമേഹ ബോധവൽക്കരണ പദയാത്ര കോസ്റ്റൽ സി.ഐ സിബി തോമസ് ഫ്ളാഗ് ഓഫ് ചെയ്തു. കൗൺസിലർമാരായ റാഷിദ് പൂരണം, കെ ശങ്കര, മനോഹരൻ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ ജില്ലാ കോഓർഡിനേറ്റർ ജിഷോ ജെയിംസ്, വയോമിത്രം മെഡിക്കൽ ഓഫീസർ ഡോ. ആസിയ, കാസർഗോഡ് എസ്.ഐ. അജിത് കുമാർ, ജനമൈത്രി പോലീസ് സി.ആർ.ഒ രാജീവ്, എ.എസ്.ഐ വേണുഗോപാൽ രാജേഷ്, അഷ്റഫ്, ഗീതു, സിന്ധു എന്നിവർ സ്വീറ്റ് വോക്കിന് നേതൃത്വം നൽകി.

## അടിക്കുറിപ്പ്

കാസർകോട് നഗരസഭയും കേരള സാമൂഹ്യ സുരക്ഷാ മിഷനും കാസർകോട് വയോമിത്രവും ജനമൈത്രി പോലീസും സംയുക്തമായി നടത്തിയ പ്രമേഹ ബോധവൽക്കരണ പദയാത്ര

## ദന്ത പരിശോധന ക്യാമ്പ് ഇന്ന്

കാസർഗോഡ് നഗരസഭ വയോമിത്രം പദ്ധതിയും ജില്ലാ ആരോഗ്യ വകുപ്പും സംയുക്തമായി കാസർഗോഡ് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ മുതിർന്ന പൗരന്മാർക്കായി സൗജന്യ ദന്ത പരിശോധന ക്യാമ്പ് ഇന്ന്(16) രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12 മണി വരെ നടക്കും. ക്യാമ്പിൽ വിദഗ്ധ ഡോക്ടർമാർ രോഗികളെ പരിശോധിക്കും. കൂടുതൽ വിവരങ്ങൾക്കും മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും 9387088887 എന്ന നമ്പറിൽ വിളിക്കാം.

( അവസാനിച്ചു)